


# നഷ്ടപ്പെടുന്ന ദേശം

സാറാ ജോസഫ്
സംഭാഷണത്തിൽനിന്ന് തയ്യാറാക്കിയത് : അഡ്വ. ആശ ആർ.കെ., റോബിൻ

**മൂലധനശക്തികൾക്ക്** എന്തും വിലകൊടുത്ത് വാങ്ങാവുന്ന അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. നമ്മുടെ സങ്കല്പത്തിന്റെ അപ്പുറത്ത് ഏത് വിഭവവും അവർ വാങ്ങുന്നു. അത്തരമൊരു രീതിയിലേക്ക് സാധാരണക്കാരനെക്കൂടി എത്തിക്കാനുള്ള ശ്രമത്തിലാണ് കുത്തകകൾ. മുതലാളിത്ത സംസ്കാരത്തിന്റെ ഭാഗമായി സുഖസൗകര്യങ്ങളോടെ കഴിയുകയെന്നത് മാത്രമായി മനുഷ്യന്റെ ലക്ഷ്യം. കുത്തക മൂലധനശക്തികളെ നമുക്ക് നിയന്ത്രിക്കാൻ കഴിയാതെപോയി. പ്രതിരോധത്തിന്റെ തോത് കുറഞ്ഞു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ നില വളരെ മെച്ചമുള്ളതാണ്.

വാങ്ങൽ ശേഷിയില്ലാത്തവർ സമൂഹത്തുനിന്നും തുടച്ചുമാറ്റപ്പെടുന്നു. വയനാട്ടെ കർഷക ആത്മഹത്യകളെല്ലാം അതിന്റെ പ്രതിഫലനങ്ങളാണ്. സ്ഥലവും ഭൂമിയും തൊഴിലുമില്ലാത്ത കുറെ മനുഷ്യർ സൃഷ്ടിക്കപ്പെടുന്നു. തങ്കം കൊണ്ട് തുലാഭാരം നടത്താൻ കഴിവുള്ള പി.എൻ.സി. മേനോനെപ്പോലുള്ള വമ്പൻ മുതലാളിമാർ അവതരിക്കുന്നു. ഇവരുടെ പദ്ധതികളിലേക്ക് നമുക്ക് കൈകടത്താൻ പറ്റുന്നില്ല. ഈ പണത്തിന്റെ ഉറവിടത്തെക്കുറിച്ചൊന്നും ആരും അന്വേഷിക്കുന്നില്ല. പണം കൈപ്പറ്റിക്കൊണ്ടാണ് എല്ലാവരും കീഴടങ്ങുന്നത്. അതിന് ഇടതു-വലതുപക്ഷ വ്യത്യാസമില്ല. ഭരണവർഗ്ഗം ആരുടെ കൂടെ എന്ന് ചോദിച്ചാൽ ജനങ്ങളുടെ കൂടെയല്ല എന്ന് തീർത്ത് പറയേണ്ടിവരും.

തലപ്പിള്ളി താലൂക്കിലെ ദേശമംഗലമെന്ന ഗ്രാമത്തിന്റെ കാര്യം തന്നെയെടുക്കണം. പതിമൂന്ന് കൊല്ലം മുമ്പുവരെ പ്രശാന്ത സുന്ദരമായ ഗ്രാമമായിരുന്നു. പക്ഷെ പാറപൊട്ടിക്കലും മണൽവാരലും കാരണം അവിടെ വൻതോതിൽ നാശനഷ്ടങ്ങൾ സംഭവിച്ചു. മൂലധനമുള്ളവർ സ്ഥലമെല്ലാം കൈക്കലാക്കിക്കൊണ്ടിരുന്നു. സ്ഥലം വാങ്ങാൻ കഴിവില്ലാത്തവരുടെ കണക്ക് ഇന്ന് വളരെ ചെറുതാണ്. നഗരവികസനം കോടികളുടെ കൊട്ടാര സമുച്ചയങ്ങൾ ഉണ്ടാകുന്നതിലേക്ക് മാത്രം തിരിഞ്ഞു. വളർന്നുവരുന്ന ഹോട്ടൽ-ടൂറിസ വ്യവസായമേഖല തന്നെ ഏതാനും ചിലരുടെ കൈയിലാണ്. ഭൂമികയ്യേറ്റം പോലെ പ്രധാനപ്പെട്ടതാണ് പ്രകൃതി വിഭവങ്ങളുടെ മേലുള്ള ചൂഷണം. പ്രത്യേകിച്ച് ജലചൂഷണം. വിഭവങ്ങളെ മലിനപ്പെടുത്താതെ സംരക്ഷിക്കുവാനുള്ള കഴിവും നമുക്ക് നഷ്ടമായിരിക്കുന്നു.

**തങ്കം കൊണ്ട് തുലാഭാരം നടത്താൻ കഴിവുള്ള പി.എൻ.സി. മേനോനെപ്പോലുള്ള വമ്പൻ മുതലാളിമാർ അവതരിക്കുന്നു. ഇവരുടെ പദ്ധതികളിലേക്ക് നമുക്ക് കൈകടത്താൻ പറ്റുന്നില്ല. ഈ പണത്തിന്റെ ഉറവിടത്തെക്കുറിച്ചൊന്നും ആരും അന്വേഷിക്കുന്നില്ല. പണം കൈപ്പറ്റിക്കൊണ്ടാണ് എല്ലാവരും കീഴടങ്ങുന്നത്.**

ഇടതുപക്ഷത്തിന് സംഭവിച്ച മാറ്റം ജനാധിപത്യത്തെ തളർത്തിയിട്ടുണ്ട്. എഡിബി കരാർ ഒപ്പുവെച്ചതും ഹൈടെക് സിറ്റികളെ പ്രോത്സാഹിപ്പിക്കുന്നതും സ്മാർട്ട് സിറ്റി കരാറിൽ ഒപ്പുവെച്ചതും അതിരപ്പിള്ളി പോലെ പരിസ്ഥിതിയെ നശിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും വഴി ഇടതുപക്ഷം തീർത്തും നിരാശപ്പെടുത്തിയിരിക്കുകയാണ്. ലോകം പഴയതുപോലെയല്ല എന്ന സൂചനയാണ് മാറ്റത്തിന്റെ കാരണമായി അവർ നമുക്ക് തരുന്നത്. ആർക്കും പിടിച്ചുനിൽക്കാനാവില്ല എന്നുകൂടി ഇത് ഓർമ്മിപ്പിക്കുന്നു. വളന്തക്കാട് ഒരു ദ്വീപുതന്നെ ശോഭാ ഡെവലപ്പേഴ്സ് കയ്യേറിയിരിക്കുകയാണ്. കടലോര മേഖലയെ സുനാമിയിൽനിന്നും സംരക്ഷിച്ചു നിർത്തിയ കണ്ടൽച്ചെടികൾ മുറിച്ചുമാറ്റിക്കൊണ്ടാണ് വളന്തക്കാട് ഹൈടെക് സിറ്റി വരുന്നത്.

മുരിയാട് കൃഷിക്കാർ ആവശ്യപ്പെടുന്നത് ഒന്നേയുള്ളൂ. തങ്ങൾക്ക് കൃഷി ചെയ്യാനുള്ള അവസരമുണ്ടാകണം. ഭക്ഷ്യം വിളയിക്കണം. പാടം നശിപ്പിക്കുന്നവർ പറയുന്നത് പകരം കൃഷി വേണ്ട ഉപഭോഗ സംസ്കാരം

മതിയെന്നാണ്. അതിനർത്ഥം മാർക്കറ്റ് മതിയെന്നാണ്. കൃഷിയെന്നാൽ വിളവ് മാത്രമല്ല. ജൈവ വൈവിദ്ധ്യവും പ്രകൃതിയുമെല്ലാമാണ്. യൂറോപ്പ് മാതൃക നമുക്ക് പറ്റില്ല. കേരളവികസനം ആരുടെ വികസനമാണ്? ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനേക്കാൾ നല്ലത് ഉപഭോഗം ചെയ്യലാണെന്ന് ഡി.വൈ.എഫ്.ഐ. പോലെയുള്ള സംഘടനകളും പറഞ്ഞുതുടങ്ങിയത് വേദനയുളവാക്കുന്ന കാര്യമാണ്. കൃഷിയിടങ്ങളേക്കാൾ മാർക്കറ്റാണ് വലുത് എന്നാണവർ പറയുന്നത്.

ഇടതുപാർട്ടികൾക്കും വലത് വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കുത്തകമുതലാളിമാർ ഡിസ്പോസിബിൾ ജനങ്ങളെയാണുണ്ടാക്കുന്നത്. ഉപയോഗശൂന്യമാകുമ്പോൾ വലിച്ചെറിയാവുന്നവർ. വളന്തക്കാട് തീരദേശ മത്സ്യബന്ധനത്തൊഴിലാളികളും അതിരപ്പിള്ളിയിൽ ആദിവാസികളും ഡിസ്പോസിബിൾ ആയിക്കഴിഞ്ഞിരിക്കുന്നു. ജനകീയ പ്രതിരോധങ്ങൾ പലതും വലിയ മൂവ്മെന്റുകളായി മാറുന്നില്ല. തിരിച്ചറിവ് നൽകാൻ കഴിവുള്ള വ്യക്തികളും സംഘടനകളും അവരുടെയിടയിൽ നിന്നും പിന്മാറുന്നു. ശാസ്ത്രസാഹിത്യ പരിഷത്തൊക്കെ കൈയൊഴിഞ്ഞുപോകുകയാണ്.

കേരള മോഡൽ ഒട്ടാകെ പുനപരിശോധിക്കേണ്ടതായുണ്ട്. എന്തിന്റെയടിസ്ഥാനത്തിലാണ് ഈ മോഡൽ തയ്യാറാക്കപ്പെട്ടിരിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, സ്ത്രീമുന്നേറ്റം എന്നിവയ്ക്ക് വ്യക്തമായ ഊന്നൽ നൽകിയിട്ടില്ല.

സാഹചര്യങ്ങൾ അപ്പാടെ ഇന്ന് മാറിയിരിക്കുകയാണ്. കേരളം കൂടുതൽ മലിനമായി. എന്താണ് പരിഗണിക്കപ്പെടേണ്ട യാഥാർത്ഥ്യം? സർക്കാർ അതിന്റെ മുകളിൽ ഓണാഘോഷവും ടൂറിസം പരിപാടികളും നടത്തി മുന്നോട്ട് പോകുന്നു.

വാങ്ങൽശേഷി 20% കൂടി. സമ്പന്നരുടെ അഴുക്ക് നമ്മൾ സാധാരണക്കാർ ചവിട്ടി നടക്കേണ്ട അവസ്ഥയാണ്. കേരളത്തെ രണ്ടായി തിരിക്കാം. കുപ്പത്തൊട്ടി ചുമക്കേണ്ടവർ/തൊടേണ്ടവർ, കുപ്പത്തൊട്ടി ഉണ്ടാക്കുന്നവർ/തൊടേണ്ടതില്ലാത്തവർ. മാലിന്യം വാരുന്ന കുടുംബശ്രീകളിൽ നടക്കുന്നതെന്താണ്? സ്ത്രീകളുടെ അധ്വാനശേഷി മുഖ്യമായും ദരിദ്രരും/ദളിതരും മാലിന്യം പേറാൻ നിർബന്ധിക്കപ്പെടുന്നു. മറ്റ് ഉത്പാദന മാർഗ്ഗങ്ങളില്ലാതെ ഒരു സുരക്ഷയുമില്ലാതെ അശാസ്ത്രീയമായി. നമ്മുടെ തൃശൂരിലെ പുഴക്കൽപാടം ശോഭ സിറ്റിയിൽ ആറര ഏക്കറുള്ള വലിയൊരു നീന്തൽക്കുളമുണ്ടത്രേ. **വലിയൊരു നീർത്തടമില്ലാതാക്കി ഒരു കൃത്രിമ സ്വർഗ്ഗമുണ്ടാക്കുകയാണിവിടെ. നെല്ല്, വെള്ളം, ഭക്ഷ്യസുരക്ഷിതത്വം, തൊഴിൽ സ്വസ്ഥത, ജൈവബന്ധങ്ങൾ ഇവയൊക്കെ ഇല്ലാതാക്കുന്നു. അവിടെ ഉയർന്നുവന്നത് വിദേശ കാർവിൽപ്പന കേന്ദ്രങ്ങളും വലിയ കെട്ടിട സമുച്ചയങ്ങളുമാണ്. ഇങ്ങനെ ഭൂമിയുടെ ജലസംഭരണി നശിപ്പിച്ച് കേരളം മരുപ്പറമ്പായി മാറുന്നു. അതിസമ്പന്നർക്ക് വേണ്ടി കൃത്രിമമഴ പെയ്തേക്കാം. പക്ഷെ നമ്മൾ സാധാരണക്കാർക്ക് വെള്ളം എവിടെനിന്ന് കിട്ടും?** പതുക്കെ, എന്നാൽ ഉറപ്പായും അമ്പതുകൊല്ലം കഴിഞ്ഞ് നോക്കിയാൽ നമ്മളിത് തിരിച്ചറിയും. സംഭവിച്ചതിന്റെ ദുരന്തം. അതിശയോക്തിയല്ല ഇതൊക്കെയെന്ന് തോന്നാം. വാസ്തവമാണ്. തുടച്ചുനീക്കലാണ് ഇവിടെ നടക്കുന്നത്. ഈയിടെ വയനാട് പോയപ്പോൾ കൃഷിക്കാരുടെ ദുരിതവും ദുരന്തവും നേരിട്ട് ബോദ്ധ്യപ്പെട്ടു. ഒരു ഭാഗത്ത് ആത്മഹത്യ തുടരുമ്പോൾ റിലയൻസ് ഫ്രഷ് കൃഷി ഉത്പന്നങ്ങൾക്ക് നല്ല വില കൊടുക്കുകയാണ്. കർഷകരെയും ചെറുകിട വ്യാപാരികളെയും കൂട്ടത്തോടെ ഇല്ലാതാക്കാൻ മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യം ഇപ്പോഴും ഭക്ഷണം തന്നെയാണ്. ഭക്ഷണമുണ്ടാക്കാനുള്ള അന്തസ്സുള്ള തൊഴിലാണ് കൃഷി. ഗാന്ധിയുടെ ഗ്രാമസ്വരാജ്/വികസനനയം രൂപപ്പെട്ടിരുന്നുവെങ്കിൽ മറ്റൊരു ലോകം, അന്തസ്സുള്ള ജീവിതം സാദ്ധ്യമാകുമായിരുന്നു. വിദേശത്ത് വൻതോതിൽ കൃഷിക്ക് സബ്സിഡി കൊടുക്കുന്നു. അഗ്രി ബിസിനസ് ഉണ്ടായിട്ടുകൂടി മണ്ണും, കൃഷിയും കർഷകനും നശിച്ചിട്ടില്ല. ഇവിടെ കൃഷി ഏറ്റവും അധഃപതിച്ചു. ഇപ്പോഴത്തെ ഭൂമിവാങ്ങൽ ഗൾഫുകാരെ പോലെയല്ല, പച്ചയ്ക്കുള്ള തട്ടിപ്പറിയാണ്, മാഫിയവത്കരണമാണ്. ഭൂമി എന്തിന് എന്ന ഉത്തരം മാറി. ഭൂമി ഉത്പാദിപ്പിക്കാനല്ല. വെറും വില്പനച്ചരക്ക്. പണ്ട് കുറേയധികം ഭൂമിക്ക് ഒരുടമയാണെങ്കിലും അത് കൃഷി ചെയ്തിരുന്നു. സത്യത്തിൽ ഇവിടെ ഒരു ഗവൺമെന്റിന് കേരളത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, അദ്ധ്വാനം, ഭാവി എന്തു ചെയ്യണമെന്നറിയാതായി. അവശേഷിക്കുന്ന ഭൂമിപോലും ഭക്ഷ്യവിളകൾ ഉത്പാദിപ്പിക്കുന്നില്ല. ഹരിതവിപ്ലവം ഏറ്റവും വിപത്തായിരുന്നു. നമുക്ക് നഷ്ടമല്ലാതെ ഒന്നുമുണ്ടായില്ല. ജൈവസ്വഭാവം നശിച്ചു. ജീവികൾ, ചെടികൾ ഒരുപാട് ശൃംഖലകൾ നശിച്ചു. ഈ നശിച്ചഭൂമി വൻ വ്യവസായ സംരംഭങ്ങളാക്കി മാറ്റാൻ ശ്രമിക്കുന്നു. സർക്കാരിന്റെ കൈകാര്യക്കാർ സ്ഥലവികസനക്കാര്യമറിഞ്ഞ് ഊഹവിക്രയറ്റം നടത്താൻ ഭൂമി വാങ്ങിക്കൂട്ടുന്നു. ഇത് തടയുന്ന ഒരു പുതിയ രാഷ്ട്രീയം ഉയർന്നുവരേണ്ടതുണ്ട്. പുഴയ്ക്കൽപ്പാടത്തു തന്നെ വലിയൊരു ഭാഗം മണ്ണിട്ട് നികത്തി ലുലു കൺവെൻഷൻ സെന്റർ വന്നപ്പോൾ അത് ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി അച്ചുതാനന്ദൻ പറഞ്ഞത് ചേറിലെ താമര വിരിഞ്ഞുവെന്നതാണെന്നത് മറക്കുന്നില്ല. ഇതിനെതിരെ കൂട്ടായ്മ, ബഹുസ്വരതയുടെ രാഷ്ട്രീയം ഉണർന്നുവരുന്നുണ്ട്. എന്റെ ദേശം നഷ്ടപ്പെടുമ്പോൾ ദേശമംഗലത്തെ കരിങ്കൽക്വാറികളും, മണ്ണെടുപ്പും മണലെടുപ്പും മൂലം പുല്ലാനിക്കാട്ടിലെ നഴ്സറിയും വളന്തക്കാട്ടെ കണ്ടൽ നശിപ്പിച്ചുള്ള ഹൈടെക് സിറ്റിയും മൂലം പുതിയൊരു നശിച്ച കേരളമാണ് ഉണ്ടായിവരുന്നത്. ഇതിൽ നാട്ടുകാർക്ക് എന്തുനേട്ടം. ജനാധിപത്യം തകർക്കലാണ് ഇപ്പോൾ മൂലധന താത്പര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഈ വെല്ലുവിളി രാഷ്ട്രീയ പാർട്ടികൾ കയ്യൊഴിഞ്ഞാലും ജനങ്ങൾ ഏറ്റെടുക്കും.

*ഗീതാഞ്ജലി, മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ*